marggam
Digital Library of Christianity in India
www.marggam.com

# പിതാവിൻ പക്കലേയ്ക്കു്

## ഗാനങ്ങൾ

ഫാദർ ആബേൽ സി. എം. ഐ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# പിതാവിൻ പക്കലേയ്ക്കു്

## ഗാനങ്ങൾ

By

ഫാദർ ആബേൽ സി. എം. ഐ.

സംഗീതം:

കെ. കെ. ആൻറണി

Rights reserved

1–3–1972

60 പൈസ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

# പിതാവിൻ പക്കലേയ്ക്കു്

## പ്രാരംഭപാഠങ്ങൾ

### പാഠം 1

### ദൈവം എന്റെ പിതാവ്

അമ്പിളിയമ്മാവാ, ഞാനൊരു
കാര്യം ചോദിക്കാം:
എങ്ങനെയുണ്ടായ് നീ; ആരീ—
ഭംഗി നിനക്കേകി?

കുഞ്ഞേ, പൂങ്കുടമായെന്നെ
ത്തീർത്തു ദൈവം താൻ:
വാനിൽ വാഴുന്ന ദൈവം,
നമ്മെപ്പോററുന്നു.

കുയിലേ, പൂങ്കുയിലേ, ഭൂമിയി—
ലെങ്ങനെ വന്നു നീ;
പാട്ടുകൾ പാടിടുവാനാരീ—
ത്തൊണ്ട നിനക്കേകി?

കുഞ്ഞേ, ഗായകനായെന്നെ
ത്തീർത്തു ദൈവം താൻ:
വാനിൽ വാഴുന്നു ദൈവം,
നമ്മെപ്പോററുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 2

## മനോഹരമായ ലോകത്തെ തന്ന ദൈവത്തെ വാഴ്ത്താം

ദൈവം കല്പിച്ചു,
പറവകളുണ്ടായി;
പറവകൾ മാനത്തിൽ
പറന്നു പാടുന്നു.

ദൈവം കല്പിച്ചു,
മീനുകളുണ്ടായി;
മീനുകൾ വെള്ളത്തിൽ
നീന്തിനടക്കുന്നു.

ദൈവം കല്പിച്ചു,
മൃഗങ്ങളുണ്ടായി;
മൃഗങ്ങൾ നാടെല്ലാം
നടന്നു മേയുന്നു.

ദൈവം കല്പിച്ചു,
മനുഷ്യനുണ്ടായി;
മനുഷ്യനീശ്വരനെ
വാഴ്ത്തിപ്പാടുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 3

### ജീവന്റെ നാഥനാണു ദൈവം

ജീവന്റെ നാഥനാണു ദൈവം,
ദൈവം തീർത്തതാണു ലോകം:
ജീവന്റെ നാഥനാണു ദൈവം,
ദൈവം തീർത്തതാണു മാനം.

ജീവന്റെ നാഥനാണു ദൈവം,
ദൈവം തന്നെനിക്കു ജീവൻ;
വാവാ, സോദരരേ, വാവാ,
സർവ്വേശകീർത്തനങ്ങൾ പാടാം.

---

## പാഠം 4

### പിതാവിനെക്കുറിച്ച് ഈശോ നമ്മെ പഠിപ്പിച്ചു

ദൈവത്തിൻ പുത്രനാമീശോ
ലോകത്തിൻ ദീപ്തിയാമീശോ
മർത്ത്യനായ് വന്നു പിറന്നു,
മർത്ത്യനു രക്ഷപകന്നു.

നിത്യപിതാവിൻ മഹത്വം
നമ്മെപ്പഠിപ്പിക്കാൻ വന്നു;
കൂരിരുൾ നീക്കി ജഗത്തിൽ
ദീപം കൊളുത്തുവാൻ വന്നു.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 8

### ദൈവം എന്നോടൊന്നിച്ച്

ദൈവമെൻെറ കൂടെയുണ്ട്;
ദൈവമെൻെറ ഉള്ളിലുണ്ട്;
ദൈവമെൻെറ ചുററുമുണ്ട്;
ദൈവമെൻെറ മുകളിലുണ്ട്.

വീട്ടിനുള്ളിൽ ദൈവമുണ്ട്;
കാട്ടിനുള്ളിൽ ദൈവമുണ്ട്;
പൂനിലാവിൽ ദൈവമുണ്ട്;
പൂവനത്തിൽ ദൈവമുണ്ട്.

ജോലിചെയ്യാൻ പോയിടുമ്പോഴും
ദൈവമെൻെറ കൂടെയുണ്ട്;
ഞാനുറങ്ങുന്നേരമെല്ലാം
ദൈവമെന്നെ കാത്തിടുന്നു.

---

## പാഠം 9

### എന്നെ തനിയെ കണ്ടപ്പോൾ

ഏകയായ് ഞാനിരുന്നപ്പോൾ
ചിന്തയെന്നിൽ വിടർന്നപ്പോൾ
ദൈവമെന്നെ വിളിക്കുന്ന
സ്വരം കേട്ടു ഞാൻ.

സ്നേഹമേറും ദൈവമേ, നിൻ
സൂനുവിൻെറ ഹൃദയത്തിൽ
പാവനമാം സ്നേഹദീപം
കൊളുത്തേണമേ.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 10

### ദൈവാത്മാവ് എന്നെ പഠിപ്പിക്കും

സന്ധ്യയായി, തിരികൊളുത്തി;
ഞങ്ങളെല്ലാം വീട്ടിലെത്തി;
പ്രാർത്ഥനയ്ക്കായ് മുട്ടുകുത്തി;
ഭക്തിയോടേ കൈകൾ കൂപ്പി.

ദൈവമേ, നിൻ കുഞ്ഞുമക്കൾ
ദിവ്യപാദം കുമ്പിടുന്നു;
കീർത്തനങ്ങൾ പാടി ഞങ്ങൾ
വാഴ്ത്തിടുന്നു ദിവ്യനാമം.

അറിവുനല്കും പാവനാത്മാ,
നിരതമെന്നിൽ വാണിടേണം;
പരമദീപം കാട്ടിയെന്നെ
സുരപഥത്തിൽ ചേർത്തിടേണം.

---

## പാഠം 11

### സഹായത്തിനായി ദൈവം നമ്മെ വിളിക്കുന്നു

ചെയ്യുന്നതെല്ലാം ഞാൻ നന്നായിച്ചെയ്യും;
ദൈവത്തിനിഷ്ടം വരുത്താൻ ശ്രമിക്കും;
പാഠം പഠിക്കുമ്പോൾ നന്നായ് പഠിക്കും;
പന്തുകളിക്കുമ്പോൾ നന്നായ്ക്കളിക്കും.

പ്രാർത്ഥിക്കാൻ നില്ക്കുമ്പോൾ ഭക്തിയായ് നില്ക്കും;
വീട്ടിലെ ജോലികളെല്ലാം ഞാൻ തീർക്കും;
അച്ഛനമ്മമാർക്കുമാനന്ദമേകും;
ചങ്ങാതിമാർക്കൊക്കെ സന്തോഷമേകും.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## പാഠം 12

### കൂട്ടുകാരേ, വരു

കൂട്ടുകാരേ, ഓടിവാവാ
പാട്ടുപാടാനോടിവാവാ
ദൈവനാമകീർത്തനങ്ങൾ
ആലപിക്കാനോടിവാവാ.

ദൈവമല്ലോ കനിവൊടേതൻ
സൂനുവിനെ ഭുവിനേകി;
സൂനുവല്ലോ കരിശിനാലേ
മാനവന്നു രക്ഷയേകി.

---

## പാഠം 13

### പരിശുദ്ധ മറിയത്തിനു സ്തുതി

നന്മനിറഞ്ഞ മറിയമേ, വന്ദനം
കർത്താവു നിന്നോടുകൂടെയുണ്ടു്;
സ്ത്രീകളിലേററമനുഗ്രഹശാലിനി
നിൻദിവ്യപുത്രനനുഗൃഹീതൻ.

കന്യാമറിയമേ, ദൈവത്തിൻ മാതാവേ,
പാപികൾ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ;
ഇപ്പോഴുമെപ്പോഴും മൃത്യുവിൻ നേരത്തും
പാപികൾ ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ.

---

marggam
Digital Library of Christianity in India
www.marggam.com



## പാഠം 14

### ഈശോയുടെ പിറവി

മഞ്ഞും തണുപ്പും നിറഞ്ഞ രാവിൽ
വെണ്ണിലാവെങ്ങും പരന്ന രാവിൽ
ദൈവകുമാരൻ പിറന്ന ഭൂവിൽ
മംഗളഗാനം മുഴങ്ങി വാനിൽ.

പുൽക്കൂട്ടിലുണ്ണി പിറന്നനേരം
പൂത്തിരി കത്തിച്ചില്ലാരുമാരും;
പൂക്കളിറുത്തു നിരത്തിയില്ല;
പുത്തനുടുപ്പുകൾ നല്കിയില്ല.

മർത്ത്യന്നു നാകം തുറന്നു നല്കാൻ
മർത്ത്യനായ്ത്തീർന്ന മഹേശസൂനോ,
മോഹനനുലിൽ കൊരുത്തുങ്ങങ്ങൾ
സ്നേഹത്തുടിപ്പുകൾ കാഴ്ചയേകാം.

---

## പാഠം 15

### ദൈവപുത്രനായ ഈശോ

ഉണ്ണി പിറന്നതറിഞ്ഞില്ലേ?
മംഗളഗാനം കേട്ടില്ലേ?
അങ്ങുകിഴക്കൊരു നക്ഷത്രം
പൊങ്ങിവിരിഞ്ഞതു കണ്ടില്ലേ?

കൂരിരുൾ തിങ്ങിയ ലോകത്തിൻ
പാവനമായൊരു ദീപം നീ;
നേർവഴികാട്ടി നയിക്കണമേ;
സ്വർഗ്ഗാനന്ദം നല്കണമേ.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 19

## പിതാവിൻെറ ഇഷ്ടം

സ്വർഗ്ഗത്തിൽ വാഴുന്ന താതനാം ദൈവമേ
നിൻനാമം പൂജിതമായിടേണം;
സ്വർഗ്ഗത്തിൽ വാഴുന്ന താതനാം ദൈവമേ,
നിൻവാഴ്ച ഭൂമിയിൽ വന്നിടേണം.

സ്വർഗ്ഗത്തിലെന്നപോൽ നിന്നുടെയിഷ്ടമീ—
ലോകത്തുമെന്നും നിറവേറണം;
ഞങ്ങൾക്കുവേണ്ടുന്ന ഭോജ്യങ്ങളൊക്കെയും
ഇന്നു കനിഞ്ഞു നീ നല്കിടേണം.

ഞങ്ങൾ പൊറുക്കുന്നപോലെ മഹേശ്വരാ,
ഞങ്ങളോടും നീ പൊറുക്കേണമേ;
പാപപ്പരീക്ഷയിൽ വീഴാതെ കാക്കണേ,
തിന്മയിൽനിന്നെല്ലാം രക്ഷിക്കണേ.

———

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 1

## ദൈവം എന്റെ പിതാവു്

അമ്മേ, ആരെന്നെ സൃഷ്ടിച്ചു?
കുഞ്ഞേ, ദൈവം സൃഷ്ടിച്ചു നിന്നെ.
ദൈവത്തിനെന്നോടു സ്നേഹമാണോ?
കുഞ്ഞേ, ദൈവം സ്നേഹമല്ലേ?

ദൈവം നമ്മളെ കാണാൻ വരില്ലേ?
നിത്യം നമ്മളെ കാണുന്നു ദൈവം.
വീടും നാടും ദൈവത്തിനില്ലേ?
എല്ലാം ദൈവത്തിൻ വീടാണു കുഞ്ഞേ.

കണ്ണും കാതും ദൈവത്തിനുണ്ടോ?
എല്ലാം കാണുന്നു, കേൾക്കുന്നു ദൈവം
ദൈവത്തെയിന്നൊന്നു കാട്ടിത്തരാമോ?
ദൈവത്തെ കാണാൻ സ്വർഗ്ഗത്തു പോണം.

ദൈവമേ, നിന്നെ ഞാൻ സ്നേഹിച്ചിടുന്നു;
സ്വർഗ്ഗത്തിൽ നിന്നെ ഞാൻ കാണാൻ വരുന്നു.

## പാഠം 2

## ദൈവം എല്ലാം സൃഷ്ടിച്ചു

മോഹനമായൊരു മാനം
മാനത്തൊഴുകും മേഘം
എല്ലാം തീർത്തു ദൈവം
ദൈവം നമ്മുടെ നാഥൻ.

പകലുതരുന്നൊരു സൂര്യൻ
പാലൊളിവീശും ചന്ദ്രൻ
എല്ലാം തീർത്തു ദൈവം;
ദൈവം നമ്മുടെ നാഥൻ.

പച്ചവിരിച്ചൊരു പാടം
പൈങ്കിളി പാടും കാലം
എല്ലാം തീർത്തു ദൈവം;
ദൈവം നമ്മുടെ നാഥൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 5

### ദൈവമേ, നന്ദി

നന്ദിപറഞ്ഞുനമിക്കുന്നു കനി–
വിയലും സകലേശാ
സൃഷ്ടിച്ചു നീ ഞങ്ങളെയെല്ലാം
അലിവൊടു രക്ഷിച്ചു

കാററും കടലും കാട്ടാറുകളും
നിൻപുകഴു പാടുന്നു;
താരും തളിരും താരാഗണവും
തംബുരു മീട്ടുന്നു.

മഴയും മഞ്ഞും മാമലനിരയും
നിന്നെനമിക്കുന്നു;
മാനത്തുയരും പറവകളെല്ലാം
നിന്നെവണങ്ങുന്നു.

## പാഠം 6

### ഒരു സങ്കടവാർത്ത

ആദം: അന്നു നമ്മൾ ദൈവമക്കൾ
ഇന്നു നമ്മൾ മരണമക്കൾ;
അന്നു നമ്മൾ ഭാഗ്യമുള്ളോർ
ഇന്നു നമ്മൾ ഭാഗ്യമററോർ.

ഹവ്വാ: ദൈവമാകാൻ നോക്കി നമ്മൾ
ശാപമേററോരായി നമ്മൾ;
അറിവുനേടാൻ നോക്കി നമ്മൾ
അജ്ഞരായിത്തീർന്നുനമ്മൾ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ആദം: കനിപറിച്ചു, പൊരുളറിഞ്ഞു
കനകവാതിൽ സ്വയമടഞ്ഞു;
കരളിലെല്ലാമിരുൾനിറഞ്ഞു.
ജീവിതത്തിൻ ചിറകൊടിഞ്ഞു.

രണ്ടുപേരും: പറുദീസാ വഴുതിമാറി
പാപികൾ നാം വഴിയിലായി;
ദൈവമേ, നിൻ കരുണയെന്യേ
ശരണമില്ലീയുലകിലേതും.

---

## പാഠം 9

## രക്ഷകൻെറ ജനനം

പൂനിലാവെങ്ങുംപരന്നു, വെള്ള–
പ്പൂക്കൾ വിരിഞ്ഞു നിരന്നു;
പുൽക്കൂട്ടിലുണ്ണിപിറന്നു, ദൈവ–
പുത്രൻ മനുഷ്യനായ്ത്തീന്നു.

മാലാഖമാർ വന്നിറങ്ങി, നവ്യ–
സന്ദേശമെങ്ങും മുഴങ്ങി;
ദൈവത്തിനത്യുന്നതത്തിൽ, നിത്യ–
കീർത്തനം മർത്യന്നു ശാന്തി.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 10

## വിജ്ഞാനികൾ ഈശോയെ സന്ദർശിക്കുന്നു

താരംകിഴക്കുദിച്ചു പൊങ്ങിടുന്നു
നേരേവിയത്തിലൂടെ നീങ്ങിടുന്നു:
വിജ്ഞാനിമാരതിന്റെ മിന്നൽകണ്ടു
പാരംപ്രമോദമോടു പിന്തുടന്നു.

ദൈവംപിറന്ന കൊച്ചു പുൽക്കൂടിൻ
മേലേ, അതുച്ചിയിൽതെളിഞ്ഞുനിന്നു;
മൂന്നാളുമുള്ളിലേയ്ക്കടുത്തുചെന്നു;
പൊന്നുണ്ണി ശാന്തമായ് ശയിച്ചിടുന്നു.

പൊന്നും നറുമ്പശയും കുന്തിരിക്കവും
മന്നിന്റെ പാലകനു കാഴ്ചയേകി
സന്തോഷമോടുകൈകൾ കൂപ്പിനിന്നു;
സ്വർഗ്ഗീയദർശനം നുകന്നുനിന്നു.

## പാഠം 13

## കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരട്ടെ

ബാലകർക്കുമിത്രമായ ലോകനാഥാ, നിന്റെ
ദിവ്യപാദം മോദമോടെ കമ്പിടുന്നേൻ;
തങ്കമില്ല, വെള്ളിയില്ല കാഴ്ചയേകാൻ, എന്റെ
പൂങ്കരൾ ഞാൻ സ്നേഹമോടെ നല്കിടുന്നു.

സങ്കടത്തിൽ നീയെനിക്കു കൂട്ടുകാരൻ, നിന്റെ
തങ്കമുഖമെപ്പൊഴും ഞാൻ കണ്ടിടുന്നു;
എന്നുമെന്നുമെന്റെ ഉള്ളിൽ വാണിടേണം, നാഥാ,
നിന്നിൽ ഞാനലിഞ്ഞലിഞ്ഞു ചേർന്നിടേണം.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 14

## ബാലികേ, എഴുന്നേൽക്കു

സ്നേഹം ജഗത്തിൽ വിതയ്ക്കുവാനായ്
സ്നേഹത്തിൻ നൂലിലിറങ്ങി ദൈവം;
സർവ്വേശനന്ദനൻ മർത്യനായി
ഉർവ്വിയിലാനന്ദം നൃത്തമാടി.

എല്ലാർക്കുമൂഴിയിൽ നന്മചെയ്വാൻ
സ്വർല്ലോകം വിട്ടിങ്ങിറങ്ങിദൈവം;
മാനവനാകാശരാജ്യമേകാൻ
മാനവരൂപം ധരിച്ചുവന്നു.

കാനായിൽ വെള്ളംവീഞ്ഞാക്കി;
കടലിൻെറ മീതെ നടന്നുപോയി;
കുരുടൻെറ കണ്ണിനു കാഴ്ചനൽകി
മരണമടഞ്ഞോർക്കു ജീവനേകി.

## പാഠം 15

## ഈശോ നമുക്കുവേണ്ടി മരിക്കുന്നു

സൂര്യനെന്തേയിരുണ്ടുമയങ്ങുന്നു ?
ഭൂമിയെന്തേ കുലുങ്ങിവിറയ്ക്കുന്നു ?
പാറയെന്തേ പിളർന്നുതകരുന്നു ?
ഭീതിയെന്തേ വളൎന്നു പരക്കുന്നു

ദൈവനന്ദനൻ ക്രൂശിതനായ്മരിച്ചു;
ലോകപാലകൻ നിന്ദിതനായ്മരിച്ചു.

പാപികൾക്കുതൻ രക്തവും മാംസവും
നല്കിടുന്നു മഹേശ്വരനന്ദനൻ;
ഇന്നുമൾത്താരതന്നിലാദിവ്യമാം
കാൽവരിയിലെ യാഗംനടക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 17

## ഈശോ മരണത്തെ ജയിച്ചു

പൊന്നൊളിയിൽ കല്ലറ മിന്നുന്നു
മഹിമയൊടെ നാഥനുയിർക്കുന്നു:
മുറിവുകളാൽ മൂടിയമേനിയിതാ
നിറവോലും പ്രഭയിൽ മുഴുകുന്നു.
തിരുശിരസ്സിൽമുൾമുടി ചൂടിയവൻ
സുരഭിലമാം പൂങ്കതിരണിയുന്നു:
കണ്ണീരിൽമുങ്ങിയ നയനങ്ങൾ
കനകംപോൽമിന്നിവിളങ്ങുന്നു.

പുകപൊങ്ങും മരണത്താഴ്‌വരയിൽ
പുതുജീവൻ പൂന്തളിരണിയുന്നു;
മാനവരും സ്വർഗ്ഗനിവാസികളും
വിജയാനന്ദത്തിൽ മുഴുകുന്നു.

പാഠം 19

## പരിശുദ്ധാത്മാവു വരുന്നു

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ, എൻെറ ഹൃദയത്തിൽ;
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്നുഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാരവിരിപ്പുമാററിടും
ചന്തമേറുന്ന ദീപമേ.

പരിശുദ്ധാത്മാവേ....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 2

## എന്നെ സ്നേഹിക്കുന്ന ദൈവം

ഒരു ദൈവം ദൈവത്തിൽ മൂന്നാളുകറം
താതനും പുത്രനും ദൈവാത്മാവും:
താതനാം ദൈവം ജന്മമേകി;
പുത്രൻ കുരിശാലെ രക്ഷയേകി.

ദൈവാത്മാവുള്ളിൽ വസിച്ചനിത്യം
സ്വർഗ്ഗവിശുദ്ധിപകന്നിടുന്നു;
ദൈവമേ, നിന്നെ ഞാൻ സ്നേഹിക്കുന്നു;
സന്തതമെന്നെനീ കാത്തീടണേ.

---

## പാഠം 3

## ദൈവത്തിൻെറ വ്യക്തിമാഹാത്മ്യം

വാനവഗാനം പാടിമഹേശനെ
വാഴ്ത്തും മാലാഖാ
രാപകലെന്നുടെ കൂടെവസിക്കും
കാവൽമാലാഖാ.

പാപംചെയ്താൽ കണ്ണീർതൂകും
കാവൽമാലാഖാ
നല്ലതുചെയ്താൽ പുഞ്ചിരിതൂകും
കാവൽമാലാഖാ

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 4

### മക്കളുടെ ദൗർഭാഗ്യം

'തിന്നാലു'മെന്നൊരു ശബ്ദം;
'അരുതരുതേ'യെന്നൊരു ശബ്ദം;
ഹവ്വാ ഭയന്നവിറച്ചു.;
പിന്നെയാപ്പഴകനിതിന്നു.

'തിന്നാലു'മെന്നൊരു ശബ്ദം;
'അരുതരുതേ'യെന്നൊരു ശബ്ദം;
ആദം ഭയന്നവിറച്ചു;
പിന്നെയാപ്പഴകനിതിന്നു.

പാപം കടന്നുപിടിച്ചു;
സാത്താനിരുന്നുചിരിച്ചു;
കൂരിരുട്ടംതിങ്ങിപ്പടന്നു;
കൂരമ്പു കേറിത്തറഞ്ഞു.

ദൈവമിറങ്ങി വിളിച്ചു;
രണ്ടാളുമൊപ്പമൊളിച്ചു;
അയ്യോ, മനുഷ്യന്റെ പാപം—
തീർത്താലും തീരാത്ത ശാപം.

---

## പാഠം 5

### ദൈവീകജീവനും ദൈവസ്നേഹവും

കറകളശേഷം കഴുകിയകററും
മാമ്മോദീസാ,
കരളിൽ കാഞ്ചന കതിരുപരത്തും
മാമ്മോദീസാ.

ദൈവികജീവൻ മനുജനുനൽകും
മാമ്മോദീസാ
ദൈവാത്മാവിനു ഭവനമൊരുക്കും
മാമ്മോദീസാ.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 7

## പിതാവിനിഷ്ടമില്ലാത്തവ

സ്നേഹപിതാവാം ദൈവം മർത്ത്യന്നു
നേർവഴികാട്ടി;
മനസ്സറിഞ്ഞതു മാറിനടന്നാൽ
പാപം, പാപം.

പാപംചെയ്താൽ ദൈവത്തിൽനി—
ന്നകന്നുപോകും;
ജീവൻനൽകും വരപ്രസാദം
നശിച്ചുപോകും.

---

## പാഠം 9

## പിതാവേ ക്ഷമിക്കണമേ

സർവ്വേശ്വരാ, എന്നിൽ കനിയേണമേ;
പാപങ്ങളെല്ലാം പൊറുക്കേണമേ;
നിൻതിരുകല്പന ലംഘിച്ചു ഞാൻ
തിരുമുമ്പിൽ പാപങ്ങൾ ചെയ്തുപോയി.

അറിയുന്നു ഞാനെന്റെ അപരാധങ്ങൾ;
കാണുന്നു ഞാനവ എന്റെ മുമ്പിൽ;
കാരുണ്യവാനായ കർത്താവേ, എൻ
പാപങ്ങളെല്ലാം മറക്കേണമെ.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 10

## പിതാവിന്റെ പ്രിയപുത്രൻ

ഉണ്ണിപിറന്ന ബേസ്‌ലഹമിൽ
വന്ദനമർപ്പിക്കാൻവന്നിടുവിൻ:
നിർമ്മലമോദമലിഞ്ഞൊഴുകും
മംഗളഗാനം പാടിടുവിൻ.

പാതിരാവിൻ പനിനീരിൽ
പൂനിലാവിൻ പുഞ്ചിരിയിൽ
നീലവാനിലെ സുരദീപം
താണിറങ്ങിവരുന്നുലകിൽ.

---

പാഠം 14

## പാപംമോചിക്കുന്ന ഈശോ

പാപവിമോചകനേശുനാഥാ,
പാപിയെത്തേടിവരുന്നവനേ,
പാദംനമിച്ചുവണങ്ങിടുന്നേൻ
പാപിയാമെന്നിൽനീ കനിയേണമേ.

പാപാന്ധകാരം പടന്നിടുമ്പോഴും
സ്നേഹവും ശാന്തിയും മങ്ങിടുമ്പോഴും
പാരിൻപ്രകാശമേ, ലോകനാഥാ,
നേർവഴികാട്ടി നയിക്കേണമേ.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 16

## നിൻെറ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല

പിതാവേ, ഞാനപരാധംചെയ്തുപോയി, നിൻെറ
സുതനായിത്തുടരുവാനർഹനല്ലഞാൻ;
അന്നുനിൻെറ ഉപദേശം കേട്ടിടാതെ
സ്വന്തമായചിന്തയിങ്കലുറച്ചുനിന്നു.

ദൂരെദൂരെപ്പോയ് ദുഷിച്ച കൂട്ടുകൂടി എൻെറ
ബാല്യകാലനിർമ്മലത്വം നശിപ്പിച്ചു ഞാൻ;
പിതാവേ, ഞാൻ ചെയ്തതെല്ലാം മറന്നീടണേ,
സഹതാപദൃഷ്ടിയെന്നിൽ പതിച്ചീടണേ.

പാഠം 18

## ജീവൻെറ അപ്പം

മാലാഖമാരുടെ അപ്പം
സ്വർഗ്ഗീയജീവൻെറ അപ്പം
കാരുണ്യവാനായ ദൈവം
മാനവലോകത്തിനേകി.

സർവ്വേശനാദം മുഴങ്ങി
മേഘങ്ങളെല്ലാമിറങ്ങി:
ആകാശവാതിൽ തുറന്നു;
സ്വർഗ്ഗീയമന്നാ പൊഴിഞ്ഞു.

പാറകൾ പൊട്ടിപ്പിളർന്നു;
നീർച്ചാലതിൽനിന്നുണർന്നു;
മരുവിൽതടാകം വിരിഞ്ഞു;
പുതുപൂക്കളെങ്ങും നിറഞ്ഞു.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 19

### ദിവ്യബലി

നിത്യപിതാവേ കൈക്കൊള്ളണമേ
ഞങ്ങളണയ്ക്കും ദിവ്യബലി
നിൻതിരുസുതനാമീശോവഴിയായ്
കൈക്കൊള്ളണമീ ദിവ്യബലി.

ഞങ്ങളെയൊന്നായ് നിൻതിരുമുമ്പിൽ
കാഴ്ചയണയ്ക്കുന്നാദരവായ്;
ദിവ്യനിണത്താൽ മർത്ത്യഗണത്തിൻ
മലിനതയെല്ലാം കഴുകണമേ.

## പാഠം 20

### ഞാനും അവസാനം ഉയിർക്കും

മരണമടഞ്ഞൊരു മിശിഹാനാഥൻ
മൂന്നാം ദിവസമുയിർത്തെഴുന്നേററു;
പരിമളമൂതിരും കതിരുകളാലെ
പരിസരമൊന്നായ് മിന്നിവിളങ്ങി.

മുടിമുടിചൂടിയ ദൈവകുമാരൻ
മംഗളമോഹനമകുടമണിഞ്ഞു;
കീറിമുറിഞ്ഞൊരു ദിവ്യശരീരം
ക്ഷയമില്ലാത്ത മഹത്വമണിഞ്ഞു.

അന്തിമദിവസം കർത്താവേ, നിൻ
കൃപയാൽ ഞാനുമുയിർത്തെഴുന്നേല്ക്കും;
സിദ്ധന്മാരുടെ വസതിയിലെന്നും
നിത്യമനോഹര ഗീതികൾപാടും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



# മൂന്നാം പുസ്തകം

## പാഠം 1

### ദൈവത്തിൻെറ കരുണ

ആദംചെയ്യൊരു പാപംമൂലം
പറുദീസായുടെ വാതിലടഞ്ഞു;
പാരിൽപലതരമാധിപരന്നു
മാനവനിരയുടെയാശ തകന്നു.

പറുദീസായുടെവാതിൽത്തുറക്കാൻ
പരമപിതാവിൻ സൂനുവരേണം;
മർത്ത്യകലത്തിനു മോചനമേകാൻ
നിത്യകമാരനിറങ്ങിവരേണം.

''പരമണ്ഡലമേ, വാതിൽ തുറക്കു
പാരിനു രക്ഷപകന്നുകൊടുക്കു''
മനുജകലത്തിൻ നിലവിളിപൊങ്ങി;
വിരവൊടുദൈവകമാരനിറങ്ങി.

## പാഠം 4

### സമയം സമാഗതമായി

മാനത്തുനിന്നൊരു മാലാഖവന്നു
മേരിക്കുമംഗള സന്ദേശമേകി:
''കന്യേ, നിനക്കൊരു പുത്രൻ ജനിക്കും
ദൈവത്തിൻ നിത്യകമാരനാമീശോ;

യാക്കോബിൻ ഗോത്രത്തിലെന്നുമവൻവാഴും
ദാവീദിൻ പീഠത്തിൽ രാജാവായ്‌വാഴും''
സന്ദേശം കേട്ടുടനെ കന്യകയാരംചൊല്ലി:
''ദൈവത്തിൻ ചിത്തംപോൽ സംഭവിക്കട്ടെ''

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 5

## ദൈവം നമ്മോടുകൂടെ

വീടുകളില്ല. വഴിയമ്പലമില്ല
രക്ഷകനൂഴിയിൽ വന്നു പിറക്കാൻ
ഇടമില്ല, ഇടമില്ല.

ആഴിയുമംബരവീഥികളും
ഭൂമിയുമഖിലചരാചരവും
തീർത്തവനൂഴിയിൽ വന്നുപിറക്കാൻ
ഇടമില്ല, ഇടമില്ല.
വീടുകളില്ല....

നരികൾക്കവനിയിലളയുണ്ട്;
പറവഗണത്തിനു കൂടുണ്ട്;
മനുഷ്യപുത്രനു തൻതലചായ്ക്കാൻ
ഇടമില്ല, ഇടമില്ല.
വീടുകളില്ല....

നാഥൻനിന്നുടെ ഹൃദയത്തിൻ
വാതിൽമുട്ടിവിളിക്കുന്നു:
''മകനേ, ഉള്ളിലെനിക്കുപിറക്കാൻ
ഇടമുണ്ടോ, ഇടമുണ്ടോ?''
വീടുകളില്ല....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 6

## ദൈവത്തിൻെറ വഴികൾ

യൂദായിലന്നൊരുബാലരാജൻ
ജാതനായെന്നൊരു വാൎത്തയുണ്ടായ്;
ഹേറോദിനുള്ളിൽ കലുക്കമായി
ബാലനെക്കൊല്ലാനൊരുക്കമായി.

രണ്ടുവയസ്സിനു താഴെയുള്ള
ബാലരെയെല്ലാം വധിക്കതന്നെ
കൂട്ടത്തിലുണ്ണിമരിച്ചുകൊള്ളും—
തിട്ടമായ് രാജാവുറച്ചിരുന്നു.

കൂട്ടക്കരച്ചിൽ, കൊലക്കരച്ചിൽ
നാട്ടിൽപ്പരക്കെ നിണച്ചൊരിച്ചിൽ:
വീടാകെ നീറിക്കരഞ്ഞുനിന്നു.
നാടാകെ ദുഃഖത്തിലാണ്ടുനിന്നു.

പാതിരാനേരത്തൊളിച്ചുമാറി
ദൈവകുമാരകൻ രക്ഷനേടി;
ആരാരറിഞ്ഞു മഹേശ്വരൻെറ
നിത്യനിഗൂഢമാം നിശ്ചയങ്ങൾ?

---

പാഠം 7

## എല്ലാത്തിലുമുപരിയായി ദൈവത്തെ സ്നേഹിക്കുക

മൂന്നുനാൾ മാതാപിതാക്കളെങ്ങും
പുത്രനെത്തേടി നടന്നലഞ്ഞു;
പള്ളിയിൽച്ചെന്നവർ കണ്ടുമുട്ടി;
കണ്ണുനീർതൂകിപ്പറഞ്ഞുമേരി:

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



''ഓമനേ, പൊന്നുണ്ണി, എവമെന്തേ
ഞങ്ങളെവിട്ടുനീ തങ്ങിനിന്നു?
താതനും ഞാനും കരഞ്ഞുനീറി
നാടെല്ലാം നിന്നെത്തിരഞ്ഞുതേടി''

സ്വർഗ്ഗീയദൌത്യം പകന്നുനിൽക്കും
പുത്രൻ ജനിത്രിയോടേവമോതി:
''എന്തിനായെന്നെത്തിരഞ്ഞുനിങ്ങൾ,
ഞാനെൻപിതാവിൻ ഗൃഹത്തിലല്ലേ?''

---

പാഠം 10

## മഹത്തായ വാഗ്ദാനം

(ക്രിസ്തുവും ശമറായക്കാരിയും തമ്മിൽ സംഭാഷണം)

നട്ടുച്ചനേരത്ത്, കിണറിൻെറ തീരത്ത്
വെള്ളത്തിനായി ഞാൻ കാത്തിരിപ്പൂ;
നാരീ, ഒരു പാത്രം ദാഹജലം നീ
എനിക്കു നൽകൂ.

അയ്യയ്യോ, നീയൊരു യൂദൻ
ഞാനിന്നൊരു ശമറായത്തി
ഞാൻ കോരിയ വെള്ളം തൊട്ടാൽ
തീണ്ടലില്ലേ?

അറിയുന്നില്ലേതും നീ
എന്നോടു നീ ചോദിച്ചാൽ
ജീവൻെറ ജലം കോരി—
ത്തരുമല്ലോ ഞാൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കയറില്ല, പാളയുമില്ല
നീയെങ്ങനെ വെള്ളം കോരും?
ജീവൻെറ ജലം പിന്നെ
എങ്ങനെ കിട്ടും?

ഞാൻ നല്കും നിത്യജലം നീ
വിശ്വാസമിയന്നു കടിച്ചാൽ
നാരീ, നിനക്കൊരുനാളും
ദാഹിക്കില്ല.

ആ ദിവ്യജലം നാഥാ,
നല്കേണമെനിക്കൊരു പാത്രം
വീണ്ടും ഞാൻ വെള്ളം കോരാൻ
പോരണ്ടല്ലോ.

മഹിളേ, നീ വീട്ടിൽപോയ് നിൻ
കണവനെയും കൊണ്ടുവരൂ നീ;
അപ്പോഴം ഞാൻ കോരി വിളമ്പാം
ജീവൻെറ ജലം.

ഗുരുവേ, നീ കോപിക്കരുതേ,
വീട്ടിൽ ഞാനെന്തിനുപോകാൻ?
ഇല്ലില്ല, സത്യമെനിക്കു
ഭർത്താവില്ല.

നീ ചൊന്നതു സത്യംതന്നെ
കണവന്മാരഞ്ചുണ്ടായി;
ഇപ്പോഴുള്ളവനോ, നിൻെറ
ഭർത്താവല്ല.

നിന്ദിതമെൻ ജീവചരിത്രം
നീയെങ്ങനെ സർവ്വമറിഞ്ഞു?
ദൈവകരം തെളിവായ് നിന്നിൽ
കാണുന്നു ഞാൻ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മകളേ, നീ ശങ്കിക്കേണ്ടാ,
ദൈവത്തിൻ പുത്രൻതന്നെ
നിന്മുമ്പിൽ നില്ക്കുന്നു, നീ
അറിഞ്ഞുകൊൾക.

നാഥാ, നിൻ തിരുമൊഴി കേൾക്കാൻ
ഭാഗ്യമെനിക്കെങ്ങനെയുണ്ടായ്?
തൃപ്പാദം വിശ്വാസമോടേ
വണങ്ങിടുന്നേൻ.

---

## പാഠം 12

## ദൈവരാജ്യം

അന്തിമദിവസമടുക്കുമ്പോൾ
അംബരമിളകി വിറയ്ക്കുമ്പോൾ
വെളിവിൻ കതിരുകൾ മാഞ്ഞടിയും
കരിനിഴൽ തിങ്ങി വളർന്നുയരും.

കതിരോൻ മങ്ങിപ്പൊലിയുന്നു;
പനിമതിയിരുളിൽ താഴുന്നു;
താരകൾ വീണു നുറുങ്ങുന്നു;
പാരിടമൊന്നായുരുകുന്നു.

ഉറവകൾ വററിയുണങ്ങുന്നു;
നദികൾ വരണ്ടുനിലയ്ക്കുന്നു;
ജീവികൾ വീണു മരിക്കുന്നു;
വിജനതയെങ്ങും പടരുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഉലകിൻ തൂണുകളുലയുന്നു;
മലയും മരുവും പുകയുന്നു;
കരയും കടലും മറയുന്നു;
സൂരിത്തുളങ്ങും നിറയുന്നു.

വിധിയുടെ സമയമടുക്കുന്നു;
വിണ്ണിൻ വാതിൽ തുറക്കുന്നു;
വാനവനിരയാലനുഗതനായ്
ദൈവകുമാരനിറങ്ങുന്നു.

കാഹളവിളികൾ മുഴങ്ങുന്നു;
മരണമടഞ്ഞവരുണരുന്നു;
പരിശുദ്ധന്മാരണിയണിയായ്
സന്നിധിചേർന്നു വണങ്ങുന്നു.

നിരയായ് വിണ്ണിൽ നിലകൊള്ളും
വത്സലസുതരെക്കാണുമ്പോൾ
ആനന്ദത്താലാദത്തിൻ
നയനം പുകതിരണിയുന്നു.

നീതിവിധിക്കായ് ദൈവസുതൻ
മേഘത്തേരിലിറങ്ങുന്നു;
നരരുടെ ചെയ്തികളൊന്നൊന്നായ്
തൂക്കിയളന്നു വിധിക്കുന്നു.

ആനന്ദത്തിൻ ജയവിളിയും
നൈരാശ്യത്തിൻ നിലവിളിയും
ചേർന്നുകലർന്നു മുഴങ്ങുന്നു:
വിധിയുടെ നിസ്തുല നിമിഷങ്ങൾ!

ഭീതികലർന്നു നിരാശതയിൽ
പാപികൾ വിങ്ങിക്കരയുമ്പോൾ
നിത്യമുയരും നരകത്തിൻ
ജ്വാലകളവരെ വിഴുങ്ങുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സുകൃതികളൊത്തുമഹോന്നതനാം
സുരലോകത്തിൻ നാഥനിതാ,
നിത്യമനോഹരനാകത്തിൻ
വാതിൽത്തുറന്നകമണയുന്നു.

കരുണാനിധിയാം കർത്താവേ,
നിന്നുടെയാഗമദിവസത്തിൽ
പരിശുദ്ധന്മാരൊത്തു വലം—
ഭാഗത്തെന്നെ നിറുത്തണമേ.

---

## പാഠം 14

### നീ പാറയാകുന്നു

പത്രോസാകും പാറയിലല്ലോ
തിരുസഭ നില്ക്കുന്നു;
വൈരികളൊന്നായെതിരിട്ടാലും
തകരില്ലൊരുനാളും.

വന്മഴപെയ്യും, തിരകളടിക്കും,
മാരുതനാഞ്ഞുവരും;
പാറയിലൂന്നിയുറച്ചോരുമാളിക
തകരില്ലൊരുനാളും.

നരകത്തിൻപുരുശക്തികളൊന്നാ—
യാഞ്ഞുപിടിച്ചാലും
സഭയുടെ തൂണുകളണുവിടയെങ്കിലു—
മിളകില്ലൊരുനാളും.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 16

## ഓശാന

ഓശാന, ഓശാന
ദാവീദിൻസുതനോശാനാ.

വിനീതനായൊരു കഴുതക്കുഞ്ഞിൻ
പുറത്തെഴുന്നള്ളി
സൈത്തിൻചില്ലകൾ വിതറിയവഴിയേ
വരുന്നുദൈവസുതൻ.

നിരയായ് നീങ്ങും ബാലികമാരുടെ
കീത്തനമുയരുമ്പോൾ
ബാലന്മാരുടെ കൈയിൽ ചില്ലകൾ
താളം തുള്ളുന്നു.

സെഹിയോൻപുത്രീ മോദംപുണരുക,
നിന്നുടെ നാഥനിതാ,
പ്രതാപവാനായ് വരുന്നുപൊന്നിൻ
കീർത്തനവീചികളിൽ.

## പാഠം 18

## പിതാവിന്റെ ഇഷ്ടം നിറവേറട്ടെ

''കഴിയുമെങ്കിലീപ്പാനപാത്രമെൻ
പ്രിയതാതാ, മാററിത്തരണമേ,''
താണുദൈവത്തിൻ സൂനുഭൂമിയിൽ
വീണുതാതനോടർത്ഥിച്ചു.

മർത്യപാപങ്ങൾ വന്നുയർന്നൊരു
മാമലതീർത്തു നില്ക്കവെ
ഭീതിയാൽ മൃദുമേനിയാകവേ
രക്തധാരയിലാണ്ടുപോയ്.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 21

## നാഥാ, പിരിയരുതെ

നേരം മങ്ങിമയങ്ങുന്നു;
ക്കൂരിരുളെങ്ങും പടരുന്നു;
ശരണം നൽകിയ ദീപത്തിൻ
കിരണം മങ്ങിപ്പൊലിയുന്നു;
കർത്താവേ, നീ പോകരുതേ,
കരുണയൊടെന്നിൽ വാഴണമേ.

നിൻതിരുവാണികളുന്നതമാം
ചിന്തകളെന്നിലുണർത്തുന്നു;
മംഗളകാന്തി പരത്തുന്നു;
ഹൃദയം പുളകിതമാക്കുന്നു;
കർത്താവേ, നീ പോകരുതേ,
കരുണയൊടെന്നിൽ വാഴണമേ.

നിൻതിരുവദനം കാണുമ്പോൾ
ആകുലചിന്തകളകലുന്നു;
നിൻതിരുവചനം കേൾക്കുമ്പോൾ
സങ്കടമൊക്കെ മറക്കുന്നു;
കർത്താവേ. നീ പോകരുതേ,
കരുണയൊടെന്നിൽ വാഴണമേ.

വേദനതിങ്ങിയ ഭവനങ്ങൾ
വീണുനുറുങ്ങിയ ഹൃദയങ്ങൾ
ദാരുണമരണവിലാപങ്ങൾ
നിറയും പോർക്കളമീയുലകം;
കർത്താവേ, നീ പോകരുതേ,
കരുണയൊടെന്നിൽ വാഴണമേ,

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 4

## ഏററവും വലിയ തിന്മ

പാപം കുഞ്ഞേ, നീ ചെയ്യരുതേ, ദൈവ—
കോപം നിൻെറമേലാഞ്ഞുവീഴും.

പാപം....

ഭീഷണിയെത്രമുഴങ്ങീയാലും നിൻെറ
കൂട്ടകാരെത്രപിണങ്ങിയാലും

പാപം....

ജീവൻ വിപത്തിൽ കുടുങ്ങിയാലും നിൻെറ
മെയ്യാകെയഗ്നിവിഴുങ്ങിയാലും

പാപം....

ലോകംമുഴുവനും നേടിയാലെന്തുനി—
ന്നാത്മാവുനാശത്തിലാണ്ടുപോയാൽ?

പാപം....

---

പാഠം 5

## മക്കൾക്കുള്ള കല്പനകൾ

നിൻപ്രമാണമെന്നുമെൻെറ മുമ്പിൽനാഥാ
പൊൻപ്രകാശധാരവീശിനിന്നിടുന്നു;
സ്വർഗ്ഗലോകസീമയിൽപറന്നുപൊങ്ങാൻ
കെല്പെഴുന്ന ചിറകെനിക്കതേകിടുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നിൻപ്രമാണമിന്നെനിക്കു മധുവിനേക്കാളും
മധുരമാണു, നിത്യമായ ജീവനാണു്;
നിയതമെൻെറ ശാന്തിയാ,ണതുല്യപ്രമോദം
പകരുവാൻ വിടർന്ന സ്വർഗ്ഗവാണിയാണു്.

പരിമളം പരത്തിടുന്ന നിൻപ്രമാണം
നരനുനിത്യജീവിതം പകർന്നിടുന്നു;
അറിവുനൽകി അജ്ഞരെത്തുണച്ചിടുന്നു;
കുഴിയിൽവീണ പാപിയെക്കരേററിടുന്നു.

## പാഠം 6

## സ്നേഹത്തിൻെറ പ്രമാണം

വൈരവും തീരാപ്പകയുമെല്ലാം
സ്നേഹംതെളിച്ചു തുരത്തിടുംഞാൻ;
സന്ദേഹമാരുതനാഞ്ഞുവന്നാൽ
വിശ്വാസംകൊണ്ടതു ശാന്തമാക്കും.

സന്താപക്കണ്ണുനീരൊക്കെയും ഞാൻ
സന്തോഷം കൊണ്ടു തുടച്ചുമാററും;
അന്ധകാരത്തിൻ പടപ്പിലെല്ലാം
മന്ദാരദീപം കൊളുത്തിവയ്ക്കും.

നൈരാശ്യംതിങ്ങുന്ന മാനസങ്ങൾ
പ്രത്യാശകൊണ്ടുനിറച്ചിടും ഞാൻ;
നിർമ്മായശാന്തിവിതച്ചിടുന്ന
സ്വർല്ലോക ദൂതനായ് മാറിടും ഞാൻ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 8

# സർവ്വോപരി ദൈവം

അവനീപതിയാമഖിലേശ്വരനെ
വാഴ്ത്തിപ്പാടുവിനാദരവോടെ
അവനീ....

നീലാകാശം തിങ്ങിപ്പലരും
നീർത്തുള്ളികളേ ദൂതന്മാരേ,
കർത്താവിൻതിരുസൈനികനിരയും
സൂര്യൻചന്ദ്രൻ താരാഗണവും
അവനീ....

കാറേറ, കടലേ, കാട്ടാറുകളേ,
കനലേ, കരയിൽ പൊരിയും വെയിലേ,
കാടും മേടും മേഘാവലിയും
തോടും പുഴയും പുൽത്തോപ്പുകളും
അവനീ....

കനകംപൊഴിയും പുലരിയുമഴകിൻ
കതിരൊളിചിന്നും സായന്തനവും
തളിരും മലരും മലർവാടികളും
മലയും മധുവും മാങ്കാവുകളും
അവനീ....

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 11

## നമ്മുടെ സമർപ്പണം

മാനവനായിരേകാൻ
കാൽവരിമാമലയിൽ
ബലിയായ്ത്തീർന്നൊരു വത്സലസുതനെ
തൃക്കൺപാർക്കണമേ, നാഥാ, തൃക്കൺപാർക്കണമേ.

വലുതാണപരാധം
നരരുടെ അപരാധം;
പരിഹാരത്തിന്ന നിൻതിരുസുതനെ
കാഴ്ചയണയ്ക്കുന്നു, ഞങ്ങൾ കാഴ്ചയണയ്ക്കുന്നു.

സുതനുടെ തിരുമെയ്യും
നിർമ്മലശോണിതവും
കൈക്കൊണ്ടലിവൊട്ട നിത്യപിതാവേ,
മോചനമേകണമേ, മർത്ത്യന്ന മോചനമേകണമേ.

---

## പാഠം 14

## നിൻെറ സഹോദരനെ സ്നേഹിക്കുക

മാലാഖമാരുടെ ഭാഷയറിഞ്ഞാലും
മാലാഖമാരൊത്തു ജീവിച്ചാലും
വാനവരാജ്യത്തെ വാരൊളികണ്ടാലും
സ്നേഹമില്ലെങ്കിലതൊക്കെശ്ശൂന്യം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാരിലെനിക്കുള്ള സമ്പത്തുസർവ്വവും
പങ്കിട്ടപാവങ്ങൾക്കേകിയാലും
തീക്കണ്ടിൽദേഹം ദേഹിക്കാനെറിഞ്ഞാലും
സ്നേഹമില്ലെങ്കിലതൊക്കെശ്ശൂന്യം

സ്നേഹത്താലിന്നുനാം ചെയ്യുന്നതൊക്കെയും
നിത്യസമ്മാനം പകന്നുനൽകും;
മർത്ത്യർക്കുചെയ്യുന്ന സേവനമോരോന്നും
കൃത്യമായ് ദൈവം കറിച്ചുവയ്ക്കും

---

## പാഠം 16

## വസ്തുക്കളുടെ വിനിയോഗം

''കൊയ്ത്തുകഴിഞ്ഞു, വിളവെല്ലാം
വീട്ടിലൊതുക്കാനിടമില്ല;
പുതിയ കളപ്പുര പണിയും ഞാൻ
അതിലവയെല്ലാം കൂട്ടിയിടും.

നാളുകളെത്ര കഴിഞ്ഞാലും
തീരുകയില്ലെൻ സമ്പാദ്യം
തിന്നുകുടിച്ചുമദിക്കും ഞാൻ
ആനന്ദങ്ങളിൽ മുഴുകും ഞാൻ''

മൂഢാ, നിന്നുടെ ഭാവനയിൽ
കണ്ടതു പാഴ്കിനാവല്ലേ?
മിഴികളടയ്ക്കാൻ മരണത്തിൻ
കൈകളുയന്നതു കണ്ടില്ലേ?

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 20

### പ്രകാശത്തിന്റെ മക്കൾ

ഞാനാണ ലോകത്തിൻ നിത്യദീപം
ഞാനാണ നാകത്തിൻ മാൎഗ്ഗദീപം;
സന്തതമെൻവഴി പിന്തുടൎന്നാൽ
അന്ധകാരത്തിൽ കടുങ്ങുകില്ല.

മാമലമേലുള്ള മേടപോലെ
നാട്ടിനിറുത്തിയ ദീപംപോലെ
സൽകൃത്യമോരോന്നു ചെയ്തുനിങ്ങൾ
മൎത്ത്യൎക്കു മാതൃക നല്കീടുവിൻ.

---

## പാഠം 21

### പാപമോചനവും ഹൃദയസമാധാനവും

പാപത്തിൻ കഴിയിൽ ഞാൻ കടുങ്ങിപ്പോയി:
ദൈവമേ, നിൻ സ്വരംകേട്ടു നടുങ്ങിപ്പോയി;
ശോകമെന്റെ ഹൃദയത്തിലടിഞ്ഞുകൂടി
മൂകമായ് ഞാൻ ദിവസങ്ങൾ കഴിച്ചുകൂട്ടി.

ഇന്നലത്തെ ശാന്തിയെല്ലാമൊഴിഞ്ഞുപോയി;
പുഞ്ചിരിച്ച നിലാവെല്ലാമിരുണ്ടുപോയി;
കരംനല്കിക്കരയേററാൻ കനിയേണമേ;
വരംചിന്തി കറയെല്ലാം കഴുകേണമേ.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com





## പാഠം 4

## ദൈവരാജ്യം

കടുകിൻമണി നട്ടുവളർത്തി
മരമായതു ശാഖപരത്തി;
പറവകളാക്കൊമ്പുകളിന്മേൽ
കൂടുകൾ കൂട്ടി.

ദൈവത്തിൻ പുത്രനമതുപോൽ
ചെറുതായൊരു വിത്തുവിതച്ചു;
മരമായതു പൊങ്ങിവളർന്നു
ചില്ലകൾ വീശി.

വെയിലേററു വലഞ്ഞവരെല്ലാം
തണലിന്നായ്ച്ചുററുംകൂടി
മുകൾപററിക്കൊമ്പുകളിന്മേൽ
അഭയംതേടി.

---

## പാഠം 10

## സ്ഥിരീകരണം

ശ്ലീഹന്മാരിലിറങ്ങിവസിച്ചൊരു
പരിശുദ്ധാത്മാവേ,
നിൻപ്രിയസുതരെ ദിവ്യവരത്താൽ
പൂരിതരാക്കണമേ.

ശ്ലീഹ....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സ്നേഹം നട്ടുവളർത്തിയ പാവന—
ശാന്തി പരത്തിടുവാൻ
തളർന്നുതാഴും കരളിൽ പുത്തൻ
ജീവനണർത്തിടുവാൻ.

ശ്ലീഹ....

ഇരുണ്ടപുകയും മാനസവേദിയി—
ലാശകൊളുത്തിടുവാൻ
കരഞ്ഞുമങ്ങിയ കണ്ണിൽ കാഞ്ചന—
കാന്തി വിരിച്ചിടുവാൻ.

ശ്ലീഹ....

വരണ്ടുണങ്ങിയ മരുവിൽ ചന്ദന—
കുളിർക്കാററൂതിടുവാൻ
കരിഞ്ഞുണങ്ങിയ തരുവിൽ പൂന്തളിർ—
പുളകം ചാർത്തിടുവാൻ.

ശ്ലീഹ....

പാഠം 11

## പരിശുദ്ധ കുർബ്ബാന

കാൽവരികുന്നിലെ യാഗം
കാരുണ്യരൂപൻെറ യാഗം
മേഘങ്ങൾ പിന്നിട്ടുയർന്നു,
സ്വർല്ലോകവാതിൽ തുറന്നു.

നിൻദിവ്യപുത്രൻെറ രക്തം
മാലിന്യമേശാത്ത രക്തം
കൈക്കൊള്ളണേ നിത്യതാതാ,
വരമേകണേ, ലോകനാഥാ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 13

## അനുതാപത്തിന്റെ കൂദാശ

പാപം കഴുകിടുവാൻ
കണ്ണീരാരുതരും?
പശ്ചാത്താപത്തിൻ
കണ്ണീരാരുതരും?

നാഥാ, നേർവഴികൾ
വിട്ടുനടന്നു ഞാൻ:
പ്രപഞ്ചമായകളിൽ
മുഴുകിനടന്നു ഞാൻ.

കരുണാനിലയനമേ,
കറകൾ കഴുകണമേ;
കരളിൻ മണിയറയിൽ
കതിരു പരത്തണമേ.

---

## പാഠം 14

## അനുതാപത്തിന്റെ കൂദാശ സ്വീകരിക്കുന്ന വിധം

അഗാധത്തിൽനിന്നു നിന്നെ വിളിക്കുന്നു ഞാൻ;
ദൈവമേ, എൻ പ്രാത്ഥന കേൾക്കേണമേ;
പാപിയാമെൻ പ്രാത്ഥന കേൾക്കേണമേ.

അഗാധ....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാപങ്ങളെല്ലാം നീയോർത്തിരുന്നാൽ
ദൈവമേ, രക്ഷഭൂമിയിലാരുനേടും?
കാരുണ്യവാരിധിയാം ലോകനാഥാ,
നിന്നിലാണെന്നുമെൻ പ്രതീക്ഷയെല്ലാം

അഗാധ....

പുലരി കാത്തുകാത്തുവാഴും കാവലാളുപോലെ
അനുദിനം ഞങ്ങൾ നിന്നെ കാത്തിരിക്കുന്നു;
നീയാണു പാപമോചനമേകിടുന്നു,
തിന്മയിൽ വീഴാതെ പാലിക്കുന്നു.

അഗാധ....

---

## പാഠം 16

## പൗരോഹിത്യം

കാക്കണമലിവൊടു കർത്താവേ,
കാക്കണമങ്ങേ വൈദികരെ;
പാവനജീവിതപാതകളിൽ
സന്തതമവരെ നയിക്കണമേ.

നല്ലവതന്നെ ചിന്തിക്കാൻ
നല്ലവതന്നെയുരിയാടാൻ
നല്ലവതന്നെ ചെയ്തിടുവാൻ
നന്മയിലവരെക്കാക്കണമേ.

സാത്താൻ നിറയും വൈരമൊടേ
നിർദ്ദയമവരെയലട്ടുമ്പോൾ
നാഥാ, നിൻതിരുഹൃദയത്തിൻ
വാതിലവർക്കു തുറക്കണമേ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ലോകവുമതിനുടെ വശ്യതയും
കൗതുകമവരിലുണർത്തുമ്പോൾ
നിത്യമനോഹരനാകത്തിൻ
രശ്മികളവരിൽച്ചിന്തണമേ.

ജോലികളെല്ലാം തീർത്തൊടുവിൽ
നിൻതിരുസന്നിധിയണയുമ്പോൾ
സദയമവർക്കുസനാതനമാം
സ്വർഗ്ഗാനന്ദം നല്കണമേ.

---

പാഠം 17

## വിവാഹം

ഒന്നായി ഞങ്ങൾ, ഒന്നായി ഞങ്ങൾ
സ്നേഹത്തിലൊന്നായി ഞങ്ങൾ
സന്തോഷത്തിലും സന്താപത്തിലും
ദൈവത്തിലൊന്നായി ഞങ്ങൾ
ഒന്നായി....

ദുഃഖമോ ദുരിതങ്ങളോ
വിത്തമോ വിജയങ്ങളോ
സ്നേഹത്തിൽ ഞങ്ങളെ
ബന്ധിച്ച കെട്ടുകൾ
പൊട്ടിച്ചകററുകില്ല,
ഒരിക്കലും പൊട്ടിച്ചകററുകില്ല.
ഒന്നായി....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



മാലാഖമാരേ, വരു,
മംഗല്യദാനം തരു
മന്നിൻെറ മായയിൽ
മങ്ങും മനസ്സിന്നു
ദിവ്യപ്രകാശം തരു
മനസ്സിന്നു ദിവ്യപ്രകാശം തരു.
ഒന്നായി....

പാഠം 22

## ക്രിസ്തുവിൻെറ സാക്ഷികൾ

വാളിനുമുമ്പിൽ ധീരതയോടവർ
നിരന്നുനിന്നു;
പീഡനമെല്ലാം പുഞ്ചിരിയോടവർ
സഹിച്ചുനിന്നു.

ദൈവകുമാരനു ഭൂമിയിലന്നവർ
സാക്ഷ്യം നല്കി;
നിണംചൊരിഞ്ഞവരനന്തമോഹന—
രാജ്യം നേടി.

വിശ്വാസത്തിൻ ചിറകുവിരിച്ചവർ
പറന്നുയന്നു;
തളന്നുമങ്ങിയ മാനസവേദിയി—
ലാശപകന്നു.

മോദമിയന്നവർ ചിന്തിയ രക്ത—
ത്തുള്ളികളാലെ;
ആയിരമായിരമാര്യസുമങ്ങൾ
വിരിഞ്ഞുയന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 23

### അവർ ഒന്നായിരിക്കേണ്ടതിന്ന്

വരുന്നു ഞങ്ങൾ, വരുന്നു ഞങ്ങൾ
നാഥാ, നിന്നെപ്പിന്തുടരാനായ്

വരുന്നു....

മനോജ്ഞമാം നിൻ വിളിയുടെ ശബ്ദം
മുഴങ്ങിനില്ക്കുന്നു;
പറന്നുമാനസ്സമുയൻ മാധുരി
നുകർന്നുനില്ക്കുന്നു.

വരുന്നു....

നിറഞ്ഞുമോദം തുളമ്പിനില്ക്കും
കരുന്നുഹൃദയങ്ങൾ
പറന്നുസന്നിധിയണഞ്ഞുനിർവൃതി—
യടഞ്ഞുകൊൾവതിനായ്

വരുന്നു....

കല്ലും മുള്ളും നിറഞ്ഞ വഴിയേ
കുതിച്ചുമുന്നേറാൻ
കരയും കടലും കടന്നുമംഗള
ദീപ്തി പരത്തിടുവാൻ.

വരുന്നു....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 24

### ദൈവഭവനം

ദൈവമേ, നിൻഗേഹമെത്ര മോഹനം
നിൻഗൃഹത്തിൽ വാഴുവോർ ഭാഗ്യവാന്മാർ
ദൈവമേ....

കണ്ണുകൾ നിൻദിവ്യശോഭ തഴുകിനില്പൂ;
കാതുകൾ നിൻ വാണിയിൽ മുഴുകിനില്പൂ;
അന്യഭൂവിലായിരം ദിനങ്ങളേക്കാൾ
നിൻഗൃഹത്തിലേകദിവസം കാമ്യമല്ലോ.
ദൈവമേ....

അഖിലലോകനായകൻെറ പാദപീഠം;
തിരുവരങ്ങളുറിനില്ക്കും ദിവ്യഗേഹം;
നിത്യജീവനേകിടുന്ന പുണ്യതീർത്ഥം;
വാനദൂതർ പാടിടും മനോജ്ഞഗേഹം.
ദൈവമേ....

ആരുമാരും കേൾക്കാത്ത നവ്യഗാനം;
ആരുമാരും കാണാത്ത ദിവ്യസ്വപ്നം;
മാരിവില്ലിൻ നിറംചേർന്ന ചക്രവാളം;
താരമാല ചാർത്തിടുന്ന വാനമേഘം.
ദൈവമേ....

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 26

### രണ്ടാമത്തെ വരവിൽ

വിശപ്പടക്കാൻ ഭോജനമൊരുവനു
നല്കുന്നു നാം
കൈക്കൊള്ളുന്നതു കരുണാനിധിയാം
കർത്താവല്ലോ.

ദാഹിക്കുന്നവനലിവൊടുവെള്ളം
നല്കുന്നു നാം
കൈക്കൊള്ളുന്നതു കരുണാനിധിയാം
കർത്താവല്ലോ.

അന്യനുഭൂമിയിലുപകാരങ്ങൾ
ചെയ്താൽ ദൈവം
ധന്യമനോഹരപറുദീസായിൽ
പ്രതിഫലമേകം.

അന്യനുഭൂവിലുപദ്രവമേതും
ചെയ്താൽ ദൈവം
തീരാവേദന തിങ്ങും നരക—
ത്തീയിൽത്തള്ളും.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## പാഠം 3

## മനുഷ്യന്റെ നന്ദികേട്

പൂവനമേ, ഞങ്ങൾ പോകുന്നു;
പറുദീസാ, ഞങ്ങൾ പോകുന്നു;
മോഹനമാം നിൻമുഖമിനിഞങ്ങൾ
കാണില്ലാ ഭൂമിയിലൊരുനാളും.

വൈരിഗണം ഞങ്ങളെ വഞ്ചിച്ചു;
പകയോടെ മാർഗ്ഗം തെറ്റിച്ചു;
ദൈവത്തിൻ കല്പന ലംഘിച്ചു
തീക്കനികൾ ഞങ്ങൾ ഭക്ഷിച്ചു.

ആനന്ദം തിങ്ങിയ കാലങ്ങൾ
ഭാവനയിൽ തീക്കനൽ കൂട്ടുന്നു;
അവയെല്ലാം വീണു തകർന്നല്ലോ;
സ്വപ്നംപോൽ മാഞ്ഞുമറഞ്ഞല്ലോ.

ദൈവികമാം ജീവൻ വഴുതിപ്പോയ്;
മരണത്തിൻ പിടികൾ മുറുകിപ്പോയ്;
സകലേശാ, നിന്നുടെ പൈതൃകമാം
വാഗ്ദാനം മാത്രമൊരാലംബം.

## പാഠം 4

## പാപത്തിന്റെ ഫലങ്ങൾ

പാപമേ, നിൻ പേരുകേട്ടാൽ പേടിയാകും;
പാരിടം നീ പാതകത്തിൻ കളരിയാക്കി;
ഉഴുതൊരുക്കിയ വയലിലെല്ലാം കളകൾപാകി;
മലരുചൂടിയ വനികയെല്ലാം ശൂന്യമാക്കി.

കലഹവും പകയുമൂഴിയിലാരു തീർത്തു!
വിരഹവും മൃതിയുമെങ്ങനെയുയർന്നുവീണു?
പാപമേ, നിൻഘോരദംശനമേററുപോയാൽ
ശാപമായി, ധരണി മർത്ത്യനു നരകമായി.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 8

## വാഗ്ദാനഭൂമിയിലേയ്ക്ക്

തിരമാലകൾ മാറിയകന്നു
ചെങ്കടലിൽ കരവഴി തീർന്നു;
ദൈവത്തിൻ ജനമതിലൂടെ
കുതിച്ചുപാഞ്ഞു.

മതിലുണ്ടായ്, ജലമതിലുണ്ടായ്;
ദൈവത്തിൻകരമതിലുണ്ടായ്;
ഭയമെന്യേ ജനങ്ങളൊന്നായ്
കടൽ കടന്നു.

നേതാവിൻ കൈകളുയന്നു;
മതിലെല്ലാമിടിഞ്ഞുവീണു;
വൈരിഗണം കടലിൻ നടുവിൽ
മുങ്ങിപ്പോയി.

പാഠം 19

## പ്രഭാതം വിടരുന്നു

പാപത്തിൻ കൈകളുയന്നു
നാകത്തിൻ വാതിലടഞ്ഞു;
നൈരാശ്യം തിങ്ങിവളന്നു,
മനം തകന്നു.

നരകത്തിൻ ചിറകവിരിഞ്ഞു;
ദുരിതത്താലൂഴിനിറഞ്ഞു;
രക്ഷകനെത്തേടിവിളിക്കും
നാദമുയന്നു.

''വാനിടമേ, വാതിൽ തുറക്കൂ,
രക്ഷകനെ വേഗമയയ്ക്കൂ
നയനങ്ങളിൽ മുററിയ കണ്ണീർ
തുടച്ചുനീക്കൂ''

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



സകലേശൻ നിലവിളികേട്ടു;
ചിരമൊഴുകിയ മിഴിനീർ കണ്ടു;
കദനത്താലലയും നരരിൽ
മനസ്സലിഞ്ഞു.

ആകാശം പൂത്തുവിരിഞ്ഞു;
താരങ്ങൾ മിന്നിവിടർന്നു.
ദൈവസുതൻ കനിവൊടുധരമേൽ
ഇറങ്ങിവന്നു.

## പാഠം 20

## സമയം സമാഗതമായി

''ഞാനെൻ നാഥനെ വാഴ്ത്തുന്നു;
മോദംപൂണ്ടു പുകഴ്ത്തുന്നു;
എളിയൊരു ദാസിയെ നിഖിലേശൻ
കനിവൊടു തൃക്കൺപാർത്തല്ലോ.

രക്ഷകനലിവുനിറഞ്ഞെന്നിൽ
ദിവ്യവരങ്ങൾ ചൊരിഞ്ഞതിനാൽ
ഇന്നുതുടങ്ങിത്തലമുറകൾ
വാഴ്ത്തിടുമെന്നെ നിരന്തരമായ്.

ഭക്തജനത്തിനു സകലേശൻ
നിത്യമനുഗ്രഹമരുളുന്നു;
ഗർവ്വിതനപജയമേറുന്നു;
ബലമൊടു വിജയം നേടുന്നു.

എളിയ ജനത്തെ വളർത്തുന്നു;
ബലമുള്ളവരെത്താഴ്ത്തുന്നു;
ധനികക്കൊന്നും നല്കാതെ
പശിയുള്ളവരെപ്പോററുന്നു.

അബ്രാമിനോടും തനയരൊടും
പണ്ടേ ചെയ്തൊരു വാഗ്ദാനം
ദൈവം കരുണയൊടോർത്തല്ലോ;
തുണയിസ്രേലിനു ചെയ്തല്ലോ.''

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 21

## ക്രിസ്തു പുതിയ ആദം

വരുന്നു മംഗളസന്ദേശവുമായ്
വരുന്നു ദൈവസുതൻ;
കരുണയരുളും സുവിശേഷവുമായ്
വരുന്നു ദൈവസുതൻ.

കൈത്തിരിയിരുളിൽ തെളിച്ചുകാട്ടാൻ
വരുന്നു ദൈവസുതൻ;
കരളിൽ പരിമളമലരുകൾ ചാർത്താൻ
വരുന്നു ദൈവസുതൻ.

പാപംപൂട്ടിയ വാതിൽ തുറക്കാൻ
വരുന്നു ദൈവസുതൻ;
പാരിൽ പാവനശാന്തിവിതയ്ക്കാൻ
വരുന്നു ദൈവസുതൻ.

പാഠം 22

## ക്രിസ്തു വലിയ പ്രവാചകൻ

ഗ്രീലാക്കടലിൽ കാററിളകി
തിരകളുയർന്നുമറിഞ്ഞലറി;
ശ്ലീഹന്മാരുടെ ചെറുവള്ളം
കടലിൻനടുവിൽ താഴാറായ്.

ഉയരും മൃതിയുടെ പോർവിളിയിൽ
കരളും കൈകളുമുലയുമ്പോൾ
പടവിലുറങ്ങിശയിച്ചരുളും
ഗുരുവിൻതുണയവരർത്ഥിച്ചു:—

''കടലും കരകളുമുലയുന്നു;
മരണം കൈകളുയർത്തുന്നു;
ഗുരുവേ, കരുണ കലർന്നണയൂ
വിരവോടാശപകർന്നരുളൂ.''

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



നാഥൻ നിദ്രയുണർന്നരുളി
ശിഷ്യന്മാരെ വിളിച്ചരുളി:–
''എന്തേ നിങ്ങരം ഭയപ്പെട്ടു,
ശങ്കയിലെന്തിനകപ്പെട്ടു?''

കരുണാനിധിയാം ദൈവസുതൻ
കടലിൻതിരകളെ ശാസിച്ചു;
കാററും കടലുമനങ്ങാതായ്;
കണ്ടവരത്ഭുതമൂകരുമായ്.

---

പാഠം 23

## ക്രിസ്തു പുതിയ ഉടമ്പടിക്കു മുദ്രവയ്ക്കുന്നു

ഗാഗുൽത്താമലയിൽനിന്നും
വിലാപത്തിൻ മാറെറാലി കേരംപ്പൂ:
''ഏവമെന്നെ ക്രൂശിലേററുവാൻ
അപരാധമെന്തു ഞാൻ ചെയ്തു?

മുന്തിരി ഞാൻ നട്ടുനിങ്ങരംക്കായ്
മുന്തിരിച്ചാറൊരുക്കിവച്ചു;
എങ്കിലുമീക്കയ്പ്പുനീരല്ലേ
ദാഹശാന്തിക്കെനിക്കു നല്കി?

നിങ്ങളെ ഞാനയത്താൻ വന്നു,
ക്രൂശിലെന്നെത്തറച്ചു നിങ്ങരം;
മോക്ഷവാതിൽ തുറക്കാൻ വന്നു,
ശിക്ഷയായെൻ കൈകരം ബന്ധിച്ചു.''

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 1

## വഴിത്തിരിവ്

വയലുകളെല്ലാം പൂത്തുവിളഞ്ഞു,
കൊയ്ത്തിനിറങ്ങാനാളില്ല;
സകലേശാ, നിൻ കൊയ്ത്തിനുവേണ്ടും
വേല്ക്കാരെ നല്കണമേ.

ആശ്രയമില്ലാതാട്ടിൻകൂട്ടം
കാട്ടിലലഞ്ഞുനടക്കുന്നു;
നാഥാ, മേഷഗണങ്ങളെ മേയ്ക്കാൻ
ഇടയന്മാരെ നല്കണമേ.

വരുവിൻ, വരുവിൻ സോദരഗണമേ,
മുദമൊടു മുന്നണി തീർത്തിടുവിൻ;
സുവിശേഷത്തിൻ ദീപ്തികൊളുത്തി
പ്രേഷിതജീവനുണർത്തിടുവിൻ.

---

പാഠം 8

## ക്രിസ്തു ഇന്നു്

ദൈവമെന്നെ മേച്ചിടുന്നു.
നിത്യമെന്നെ പോററിടുന്നു;
അപകടത്തിൻ വഴിയിലെല്ലാം
കരുണയോടെ കാത്തിടുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പച്ചതിങ്ങും തകിടിതോറും
പുല്ലുമേയാൻ കൊണ്ടുപോകും;
വെയിലുറച്ചാലരുമനാഥൻ
സുഖസരിത്തിൻ സലിലമേകും.

കൂരിരുട്ടിൽ കൂട്ടുകാരൻ
കാനനത്തിൽ കാവൽദൂതൻ;
നാഥനെന്നെ കാത്തിടുമ്പോൾ
ഭീതിയെന്നെ തീണ്ടുകില്ല.

---

## പാഠം 11

### ഓ, ദൈവമേ

നിത്യദൈവമേ, കൈതൊഴുന്നിതാ,
ഞങ്ങൾ നിൻപദം കുമ്പിടുന്നിതാ.

നിത്യദൈവമേ....

സർവ്വലോകനായകാ, ജഗൽപ്രകാശമേ,
നേർവഴിക്കു ഞങ്ങളെ നയിച്ചിടേണമേ;
ഇന്നു ഞങ്ങളേപ്പെട്ടും സദുദ്യമങ്ങളിൽ
സന്തതം കൃപാവരങ്ങൾ ചിന്തിടേണമേ.

നിത്യദൈവമേ....

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 13

## ദൈവനാമം പരിശുദ്ധമാകുന്നു

കന്യകാമാതാവേ, കൃപാവരം
തൂകുന്ന വെൺമേഘമേ,
കൈവല്യദായിനീ, നിൻ പദാംബുജം
കുമ്പിട്ടു നിന്നിടുന്നേൻ.

ആരുനിൻ ഭാഗധേയം പദങ്ങളാൽ
വർണ്ണിച്ചു തീർത്തുകൊള്ളും?
ആരുനിൻ ചാരുരൂപം ചായങ്ങളിൽ
ചാലിച്ചു ചേർത്തുകൊള്ളും?

മാലിന്യമേശിടാത്ത വിശുദ്ധമാം
നേത്രങ്ങളം മാത്രമല്ലോ
കന്യകേ, നിൻഗുണങ്ങളം സമഗ്രമായ്
കാണുന്നു കാന്തിയോടെ.

നീറുന്നൊരന്തരീക്ഷം. നിരാശമായ്
നീങ്ങുന്ന മാനസങ്ങളം,
മേരി, നിൻ പുഞ്ചിരിപ്പൂവിൽ നവ്യമാം
ജീവൻ പുണർന്നിടുന്നു.

സായാഹ്നമായിടുമ്പോഴം, അജയ്യമാം
അന്ധകാരം വരുമ്പോഴം
വാത്സല്യമേറുമമ്മേ, നിൻ കൈകളിൽ
വീണുഞാൻ വിശ്രമിക്കും.

---

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



പാഠം 18

## പരിശുദ്ധാത്മാവിന്റെ ആലയങ്ങൾ

ഈശ്വരനെത്തേടി ഞാൻ നടന്നു
കടലുകൾ കടന്നു ഞാൻ തിരഞ്ഞു;
അവിടെയുമില്ലിവിടെയുമില്ലീശ്വരൻ
വിജനമായ ഭൂവിലുമില്ലീശ്വരൻ.

ഈശ്വരനെ....

എവിടെയാണീശ്വരന്റെ കാല്പാടുകൾ?
മണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല;
എവിടെയാണീശ്വരന്റെ സുന്ദരാനനം?
വിണ്ണിലൊക്കെ ഞാൻ തേടി, കണ്ടില്ല,

ഈശ്വരനെ....

കണ്ടില്ല, കണ്ടില്ലെന്നോതിയോതി
കാനനച്ചോല കുണുങ്ങിയോടി;
കാണില്ല, കാണില്ലെന്നോതിയോതി
കിളികൾ പറന്നു പറന്നുപോയി,

ഈശ്വരനെ....

അവസാനമെന്നിലേയ്ക്കു ഞാൻ തിരിഞ്ഞു–
ഹൃദയത്തിലേയ്ക്കു ഞാൻ കടന്നു.
അവിടെയാണീശ്വരന്റെ വാസം
സ്നേഹമാണീശ്വരന്റെ രൂപം.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

SANTHOM LIBRARY, VADAVATHOOR
20369
245 ABE-P

Printed at K. C. M. Press, Karikamu
Ernakulam, Cochin-11.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org